"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - പള്ളിക്കത്തോട് കൃഷി ഓഫീസർ ശ്രീ പ്രവീൺ ജോണിന് സ്പെഷ്യൽ ഡിസെബിലിറ്റി അവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.335/2024/AGRI തീയതി,തിരുവനന്തപുരം, 06-04-2024

---

പരാമർശം:- 1. 24.08.2017 ലെ സ.ഉ. (പി) നം. 112/2017/ധന
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 16/01/2024, 07/03/2024 ലെ ADFW/331/2024-SD2 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കോട്ടയം ജില്ലയിലെ പാമ്പാടി പള്ളിക്കത്തോട് കൃഷി ഓഫീസറായ ശ്രീ. പ്രവീൺ ജോണിന് 16/10/2023 -ൽ ഔദ്യോഗിക ഡ്യൂട്ടിയുടെ ഭാഗമായി യാത്ര ചെയ്ത സമയത്ത് അപകടമുണ്ടായി കാൽ മുട്ടിന് താഴെ പൊട്ടൽ ഉണ്ടായ കാരണത്താൽ ടിയാൾ 16/10/2023 മുതൽ 26/11/2023 വരെ സ്പെഷ്യൽ ഡിസെബിലിറ്റി അവധിക്ക് അപേക്ഷ സമർപ്പിക്കുകയും ടിയാന്റെ ആരോഗ്യ സ്ഥിതി മെച്ചപ്പെടാത്തതിനാൽ 27/11/2023 മുതൽ 18/12/2023 വരെ അവധി ദീർഘിപ്പിക്കുന്നതിനും വേണ്ടി അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റും അനുബന്ധ രേഖകളും സഹിതം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ പാമ്പാടി പള്ളിക്കത്തോട് കൃഷി ഓഫീസർ ശ്രീ. പ്രവീൺ ജോൺ -ന് പരാമർശം (1) ഉത്തരവ് പ്രകാരം 16/10/2023 മുതൽ 18/12/2023 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ കെ.എസ്.ആർ, ഭാഗം I, ചട്ടം 98 പ്രകാരമുള്ള സ്പെഷ്യൽ ഡിസെബിലിറ്റി അവധി അനുവദിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
VALSALA S D
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീ. പ്രവീൺ ജോൺ (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( AGRI-EA2/58/2024-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ